# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 31-01-2018 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : **1806**

## വിഴിഞ്ഞം തുറമുഖപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.സി.ജോസഫ് :<br>ശ്രീ. വി.എസ്.ശിവകുമാർ :<br>ശ്രീ. എം.വിൻസെന്റ് :<br>ശ്രീ. അനൂപ് ജേക്കബ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വിഴിഞ്ഞം തുറമുഖ പദ്ധതി യുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചില പ്രാദേശിക തർക്കങ്ങളിൽ പെട്ട് പലപ്പോഴും മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) | ഉണ്ട്. വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് തൊഴിലും ജീവനോപാധിയും നഷ്ടപ്പെടുന്നവർക്ക് പുനരധിവാസത്തിനായി റവന്യൂ ഡിവിഷണൽ ഓഫീസറുടെ അദ്ധ്യക്ഷതയിൽ ഉപജീവനാഘാത സമിതി (LIAC) യും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.<br>പുനരധിവാസവുമായി ബന്ധപ്പെട്ട് നിരവധി അപേക്ഷകൾ ലഭിക്കുന്നതിനാൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (PIU) രൂപീകരിച്ചിട്ടുണ്ട്. പദ്ധതി പ്രദേശത്തെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഡിസ്ട്രിക്ട് ലേബർ ഓഫീസറുടെ കീഴിൽ ഒരു ഓഫീസും പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ബി) | കേവലം നിയമസമാധാന പ്രശ്നമായി വിഴിഞ്ഞത്തെ തർക്കങ്ങൾ കൈകാര്യം ചെയ്യാതെ അവിടുത്തെ പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ പ്രത്യേക സംവിധാനം ആലോചിക്കുമോ ; | | |
| (സി) | നിർമ്മാണം ആരംഭിച്ച് 1000 ദിവസം കഴിയുമ്പോൾ വിഴിഞ്ഞം തുറമുഖത്ത് ചരക്കു കപ്പൽ അടുക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സർക്കാർ തലത്തിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ? | (സി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 1460 ദിവസങ്ങൾക്കകം പൂർത്തീകരിക്കുമെന്നാണ് കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഈയിടെയുണ്ടായ 'ഓഖി' ചുഴലിക്കാറ്റ്, പാറയുടെ ദൗർലഭ്യം എന്നിവ പ്രോജക്ട് നടപ്പാക്കുന്നതിനെ സാരമായി ബാധിച്ചിട്ടുണ്ട്. എന്നിരുന്നാലും കരാറനുസരിച്ചുള്ള കാലയളവിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**